പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1878 — 08.12.2014 ലെ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണമെന്ന ആവശ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.വി. അബ്ദുൽ ഖാദർ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണമെന്നാ--വശ്യപ്പെട്ട് രേഖാമൂലം കേന്ദ്രത്തിന് അപേക്ഷ സമർപ്പച്ചിരുന്നോ ; | (എ) സമർപ്പിച്ചിരുന്നു. |
| (ബി) എന്നാണ് അപേക്ഷ സമർപ്പിച്ചത് ; എന്തെല്ലാം ഇളവുകളാണ് അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിന്മേൽ കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ? | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സെക്ഷൻ ഓഫീസർ)

**അനുബന്ധം**

B) 2011-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം മൂലം തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സമൂഹത്തിനുണ്ടാകുന്ന ഭവന നിർമ്മാണം അടക്കമുള്ള വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ട ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ CRZ വിജ്ഞാപനത്തിൽ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 10-02-2014ന് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്ത് നൽകുകയും, തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച സമിതി 2014 ആഗസ്റ്റ് 22-ന് സംസ്ഥാനത്ത് വന്ന് സംസ്ഥാന സർക്കാരുമായി ആവശ്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. 2014 ഒക്ടോബർ 27 ാം തീയതി ദില്ലിയിൽ വച്ച് വീണ്ടും കേന്ദ്ര സർക്കാരിന്റെ സമിതിയുമായി സംസ്ഥാന സർക്കാരിന്റെ പ്രതിനിധികൾ ചർച്ച നടത്തി. ഇതുകൂടാതെ മുഖ്യ മന്ത്രി പ്രധാന മന്ത്രിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും കണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയും ചെയ്യുകയുണ്ടായി. ഈ നിർദ്ദേശങ്ങളിന്മേൽ കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിനായി കാക്കുകയാണ്.

**കേരളത്തിന്റെ ആവശ്യങ്ങൾ**

- കടലോര പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി വസിക്കുന്നവർക്ക് വീട്/ടോയിലറ്റ്/ മത്സ്യതൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡുകൾ എന്നിവ CRZ-III-ലെ നിർമ്മാണ രഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അനുവദിക്കുക.
- തീരപ്രദേശത്ത് വസിക്കുന്ന തദ്ദേശവാസികൾക്ക് കുടുംബസ്വത്ത് ഭാഗിച്ച്കിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അനുമതി ലഭ്യമാക്കുക, കൂടാതെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള തദ്ദേശവാസികൾക്ക് സ്ഥലം വാങ്ങി ഈ പ്രദേശത്ത് വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അവകാശം നൽകുക.

- ചെമ്മീൻകെട്ട്, പൊക്കാളി നെൽപാടശേഖരങ്ങളുടെ കരഭാഗം തദ്ദേശവാസികളുടെ വാസഗൃഹനിർമ്മാണത്തിനായി തീരദേശ നിയന്ത്രണ മേഖലാവിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നുംഒഴിവാക്കുക.
- കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളുടെ തീരത്തെ തീരനിയന്ത്രണ മേഖല നിലവിലുള്ള 100 മീറ്ററിൽ നിന്നും 50 മീറ്ററായി ചുരുക്കുക.
- തദ്ദേശവാസികളുടെ ഭവനം പുനർനിർമ്മിക്കുമ്പോൾ നിലവിലുള്ള തറ വിസ്തീർണ്ണത്തിന് അനുപാതമായി മാത്രം പുനർനിർമ്മിക്കാം എന്നുള്ളത് 100 ചതുരശ്ര അടി തറ വിസ്തീർണം വരെ എന്നാക്കുക.
- കായൽ ദ്വീപുകളിൽ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവാദം നൽകുക.
- തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളി സമൂഹം ഉൾക്കൊള്ളുന്ന തീരദേശവാസികൾക്ക് കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ കഴിഞ്ഞോ നിലവിലുള്ള കെട്ടിടങ്ങളുടേയോ റോഡിന്റെയോ കരഭാഗത്ത് പുതിയ ഭവന നിർമ്മാണങ്ങൾ അനുമതിക്കുക.
- കേരളത്തിലെ വീതി കുറഞ്ഞ കായലിനും കടലിനും ഇടയിലുള്ള പ്രദേശങ്ങളിൽ വികസന രഹിത മേഖല 20 മീറ്റർ ആയി ചുരുക്കുക. (ഭവന നിർമ്മാണത്തിനായി).
- 2011 ന് നിലവിലുണ്ടായിരുന്ന എല്ലാ റോഡിന്റെയും കരഭാഗത്ത് CRZ II- ന്റെ നിർമ്മിതികൾ അനുവദിക്കുക.
- ചേരി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തീരദേശത്ത് വേലിയേറ്റ രേഖയിൽ 100 മീറ്റർ കഴിഞ്ഞ് 3 മുതൽ 4 നിലകൾ വരെയുള്ള കെട്ടിടങ്ങൾ അനുവദിക്കുക.
- മത്സ്യത്തൊഴിലാളികളുടെ ആവശ്യകതകൾക്കുള്ള പ്രവർത്തികൾക്ക് പഞ്ചായത്തുകളിൽ നിന്നു തന്നെ അനുമതി കൊടുക്കാൻ അനുവദിക്കുക.

- $100m^2$ വരെയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുവാദം ജില്ലാ അതോറിറ്റിക്ക് കൈമാറുക.
- സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ മുൻസിപ്പാലിറ്റികളിൽ കൂട്ടിച്ചേർത്തതായുള്ള പഞ്ചായത്ത് പ്രദേശങ്ങൾ, അവയെ ചേർക്കുന്ന മുറയ്ക്ക് CRZ II ആയി കണക്കാക്കുന്നതിന് അനുവദിക്കുക.
- CRZ III- ലെ ടൂറിസത്തിന് നല്കുന്ന വ്യവസ്ഥകൾ പാലിച്ചു കൊണ്ട് ബഹുനില ഭവന നിർമ്മാണ പദ്ധതികൾക്കും അനുവാദം നൽകുക.
- നഗര പ്രദേശങ്ങളിലെ കണ്ടൽ കാടിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള ബഫർ സോൺ പ്രദേശത്ത് ഇവയുടെ സംരക്ഷണത്തിനായി ശാസ്ത്രീയമായ രീതിയിൽ പരിപാലന പദ്ധതികൾ അനുവദിക്കുക.
- മത്സ്യത്തൊഴിലാളികൾക്കും തദ്ദേശവാസികൾക്കും ബാങ്കിൽ നിന്നും കടമെടുക്കുന്നതിനും അവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ പണയം വയ്ക്കുന്നതിനും അനുവദിക്കുക.
- CRZ II- മേഖലയിൽ നിലവിലുള്ള FAR എന്നത് പരമാവധി 2.5 എന്നാക്കി മാറ്റുക.
- പുതുതായി വച്ചുപിടിപ്പിക്കുന്ന കണ്ടൽ പ്രദേശങ്ങളിൽ ബഫർ സോൺ ഒഴിവാക്കുക
- ഇതുകൂടാതെ ടൂറിസം മേഖലയിൽ ടൂറിസം വികസനം ആവശ്യമായ 20 സ്ഥലങ്ങൾ കണ്ടെത്തി ടൂറിസം വികസനത്തിന് വികസന രഹിത മേഖല 100 മീറ്റർ ആയി കുറക്കുവാനും കായൽ കരയിൽ നിന്ന് 50 മീറ്റർ ആയി കുറയ്ക്കുവാനും ആവശ്യപ്പെട്ടു.